# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4254 17.05.2017 ൽ മറുപടിയ്ക്ക്

## പോലീസിനെതിരെയുള്ള മണൽ - ഭൂമാഫിയ ആക്രമണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണൽ - ഭൂമാഫിയകളെ അമർച്ച ചെയ്യുന്നതിന്റെ ഭാഗമായി അവരെ പിൻതുടർന്ന് നേരിടുന്ന അവസരങ്ങളിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മാഫിയകളുടെ ആക്രമണം ഉണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണൽ - ഭൂമാഫിയകളുടെ ആക്രമണം ഉണ്ടായിട്ടില്ല. എന്നാൽ അനധികൃതമായി മണൽ കടത്തുന്നവരെ പിൻതുടർന്ന് പിടിക്കാൻ ശ്രമിക്കുന്ന അവസരത്തിൽ 11 പോലീസ് ഉദ്യോഗസ്ഥർ ആക്രമണത്തിന് വിധേയരായിട്ടുണ്ട്. ഇത് സംബന്ധിച്ച് 8 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | മണൽ - ഭൂമാഫിയകളെ അമർച്ച-ചെയ്യുന്നതിനും അവരെ നിയമത്തിനു മുൻപിൽ കൊണ്ടുവരുന്നതിനും കർശന നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (ബി) | അനധികൃതമായി മണൽകടത്ത് നടത്തുന്നവരേയും അനധികൃതമായി ഭൂമി ഇടപാടുകൾ നടത്തുന്നവരേയും കണ്ടെത്താൻ രഹസ്യാന്വേഷണവും നിരീക്ഷണവും നടത്തി സംശയമുള്ള സ്ഥലങ്ങളിൽ റെയ്ഡ് ചെയ്തും കുറ്റക്കാരെ കണ്ടെത്തി കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃതമായി മണൽ ഖനന സാധ്യതയുള്ള സ്ഥലങ്ങളിൽ പട്രോളിംഗ് ശക്തമാക്കി വാഹന പരിശോധനകൾ നടത്തി അനധികൃത മണൽ കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.